ഉത്തരം

മലബാർ മേഖലയിലെ പ്രസരണ വിതരണ സംവിധാനം ശക്തിപ്പെടുത്തി വൈദ്യുത തടസ്സങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്. വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന് കണ്ണൂരും പാലക്കാടും ഓരോ 220 കെ.വി. സബ്സ്റ്റേഷനുകളും സ്ഥാപിക്കുന്നതിനും മറ്റു വിവിധ സ്ഥലങ്ങളിലായി മലബാർ പ്രദേശത്ത് പന്ത്രണ്ട് 110 കെ.വി.യും പത്ത് 66 കെ.വി.യും സബ്സ്റ്റേഷനുകളും സ്ഥാപിക്കുന്നതിനും, തൃശ്ശൂർ—കോഴിക്കോട്, കോഴിക്കോട്—കണ്ണൂർ എന്നീ 220 കെ.വി. ലൈനുകളും മറ്റു ബന്ധപ്പെട്ട 110 കെ.വി., 66 കെ.വി. ലൈനുകളും നിർമ്മിച്ച് വൈദ്യുതി ശൃംഖല ശക്തമാക്കുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ സബ്സ്റ്റേഷനുകളിൽ 'സ്റ്റാറ്റിക്ക് വാർ കോംപൻസേറ്റർ' എന്ന ഉപകരണം സ്ഥാപിച്ച് വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും വിഭാവനം ചെയ്തിട്ടുണ്ട്. കോഴിക്കോട് നഗരത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കണ്ണൂർ 220 കെ.വി. സബ്സ്റ്റേഷനുവേണ്ടിയുള്ള സാധനസാമഗ്രികളുടെ ദർഘാസ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. നാല് 110 കെ.വി. സബ്സ്റ്റേഷനുകളുടെയും എട്ട് 66 കെ.വി.സബ്സ്റ്റേഷനുകളുടെയും പണി വിവിധ ഘട്ടങ്ങളിലാണ്. മറ്റു സബ്സ്റ്റേഷനുകളും ബന്ധപ്പെട്ട ലൈനുകളും ഏഴാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയാണ്.

കക്കാട് സബ്സ്റ്റേഷന്റെ പണി

516 [572] ശ്രീ. ബന്നിബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം പഞ്ചായത്തിൽ കക്കാട് നിർമ്മിക്കുവാൻ പോകുന്ന സബ്സ്റ്റേഷന്റെ പണി ആരംഭിക്കുന്നതിന് എന്തെങ്കിലും കാലതാമസമുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം തടസ്സങ്ങൾ നീക്കി എത്രയും വേഗം പണി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻസിഫ് കോടതിയുടെ ഒരു നിരോധന ഉത്തരവ് നിലവിലുണ്ട്. അതു മാറ്റിക്കിട്ടുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് നടപടികൾ എടുത്തിട്ടുണ്ട്.

1984–85, 1985–86 എന്നീ വർഷങ്ങളിൽ വൈദ്യുതി ബോർഡിന്റെ ലാഭം

517 [574] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984–85, 1985–86 എന്നീ വർഷങ്ങളിൽ വൈദ്യുതി ബോർഡിന്റെ പ്രവർത്തനം ലാഭകരമായിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഓരോ വർഷവും ഉണ്ടാക്കിയ ലാഭം എത്ര വീതമാണ്?

ഉത്തരം

(എ) 1985–86–ലെ വരവുചെലവു കണക്കുകൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നതേയുള്ളു. 1984–85–ലെ കണക്കുപ്രകാരവും (ആഡിറ്റിനു വിധേയം) 1985–86–ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരവും ബോർഡിന്റെ പ്രവർത്തനം ലാഭകരമാണ്.

(ബി) 1984–85–ൽ 9.73 കോടി രൂപ ലാഭമുണ്ടായിരുന്നു. ഈ ലാഭം മുൻവർഷങ്ങളിലെ നഷ്ടത്തിലേക്ക് (സർക്കാർ വായ്പക്കുള്ള പലിശകുടിശ്ശിക) തട്ടിക്കിഴിച്ചിട്ടുണ്ട്. മുൻകാലനഷ്ടത്തിൽ 5.84 കോടി രൂപ 31–3–1985–ൽ ബാക്കിയുണ്ടായിരുന്നു. 1985–86–ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ബോർഡിന് 9.93 കോടി രൂപ ലാഭമുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

വൈദ്യുതി മൂലമുണ്ടാകുന്ന അപകടങ്ങൾ

518 [575] ശ്രീ. കെ.മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും വൈദ്യുതി അപകടങ്ങളുടെ എണ്ണം അടിക്കടി വർദ്ധിച്ചു വരുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻസുലേഷൻ തകരാറു മൂലവും കോൺക്രീറു പോസ്റ്റുകളുടെ തകരാറുമൂലവും ഗുണനിലവാരം കുറഞ്ഞ സാധന സാമഗ്രികൾ ഉപയോഗിക്കുന്നതു മൂലവുമാണ് അപകടങ്ങൾ വർദ്ധിച്ചു വരുന്നതെന്നറിയുന്നത് ശരിയാണോ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രകൃതിക്ഷോഭം മൂലവും മരങ്ങളും, മരക്കൊമ്പുകളും വീണ് കമ്പി പൊട്ടി വീഴുന്നതിനാലുമാണ് വൈദ്യുതി അപകടങ്ങൾ ഉണ്ടാകാറുള്ളത്. ഇൻസുലേഷൻ തകരാറുമൂലവും കോൺക്രീറ് പോസ്റ്റുകളുടെയും മറ്റു സാധന സാമഗ്രികളുടെയും തകരാറുമൂലവുമുണ്ടായിട്ടുള്ള വൈദ്യുതി അപകടങ്ങൾ തീരെത്തന്നെ കുറവാണ്.

(സി) അപകടകാരണങ്ങൾ ഒഴിവാക്കാനുള്ള സാദ്ധ്യമായ എല്ലാ മുൻകരുതലുകളും കൈക്കൊണ്ടുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly